കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെൺമണി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി5-144/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി. 07.02.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെണ്മണി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : വെണ്മണി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 -ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. ഓഫീസ് കോപ്പി

നം.കെ.എസ്.എ-എ.എൽ.പി/പി5-144/2019 തീയതി: 07.02.2019

# ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.17 മുതൽ 09.12.18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 10.12.2018മുതൽ 19.12.2018വരെ | ശ്രീമതി.വിജയലക്ഷ്മി.പി.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായ്.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. ലെജുകുമാർ.കെ | 01.04.2017 മുതൽ 31.03.18 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി.എൻ.എ.ടെസ്സീല | 01.4.2017മുതൽ 30.04.2017 വരെ,<br>06.6.2017 മുതൽ 9.8.2017 വരെ |
| 2 | ശ്രീ.അനിൽകുമാർ.പി.കെ | 1.5.2017 മുതൽ 5.6.2017 വരെ,<br>9.8.2017AN മുതൽ 15.8.2017<br>(അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി ഇൻ-ചാർജ്ജ്) |
| 3 | ശ്രീ.വൈ.നിസാർ | 16.8.2017 മുതൽ 31.3.2018 |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സുജിത് രാജൻ | 01.04.2017 മുതൽ<br>18.10.2017 വരെ |
| 2 | | ശ്രീ.അനിൽകുമാർ.കെ | 19.10.2017 മുതൽ<br>31.3.2018 വരെ |
| 3 | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,വെണ്മണി | ഡോ. മുഹമ്മദ് ഷാഫി.പി.എ | 01.04.2017 മുതൽ<br>31.03.2018വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഡോ.ഷീന.പി.എസ് | 01.04.2017 മുതൽ<br>29.5.2017വരെ |
| 5 | | ഡോ. മഞ്ജു.ജി.എസ് | 30.5.2017 മുതൽ<br>31.03.2018 വരെ |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സരസമ്മ.ബി | 01.04.2017 മുതൽ<br>31.03.2018 വരെ |
| 7 | കൃഷി ഓഫീസർ | ശ്രീ.അനിൽകുമാർ | 01.04.2017 മുതൽ<br>31.03.2018വരെ |
| 8 | വി.ഇ.ഒ | ശ്രീ. പ്രവീൺ.ടി.ഡി | 01.04.2017 മുതൽ<br>31.03.2018വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റജിമോൾ.റ്റി | 01.04.2017 മുതൽ<br>31.03.2018വരെ |
| 10 | എച്ച്.എം | ശ്രീമതി. എസ്.പുഷ്പ | 01.04.2017 മുതൽ<br>31.05.2017വരെ |
| | | ശ്രീ. സുരേഷ് കുമാർ | 1.6.2017മുതൽ<br>31.03.2018വരെ |
| 11 | വെറ്ററിനറി സർജൻ | ഡോ.കെ.എസ്.ഷിബു | 01.04.2017 മുതൽ<br>31.03.2018വരെ |

## ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ<br>1-11 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |

| | | |
|---|---|---|
| 2 | 2-1 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ കൃത്യതയില്ല |
| 3 | 2-2 | സ്ഥാപന നികുതി ഒടുക്കിയിട്ടില്ല |
| ഭാഗം 3 | | |
| 4 | 3-1 | ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 5 | 3-2 | താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിച്ച-ക്രമവിരുദ്ധം |
| 6 | 3-3 | സ്ട്രീറ്റ് ലൈറ്റ് വാങ്ങലിൽ അപാകത - 17500 രൂപ അനുവദിക്കുന്നില്ല |
| 7 | 3-4 | പുറമ്പോക്ക് കയ്യേറ്റം - പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നില്ല |
| 8 | 3-5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ |
| 9 | 3-6 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- രേഖകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 10 | 3-7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്ട് - ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| 11 | 3-8 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വെണ്മണി, നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ |
| 12 | 3-9 | വി.ഇ.ഒ നിർവ്വഹിച്ചിട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ |
| 13 | 3-10 | സ്റ്റോക്ക് രജിസ്റ്ററുകളിൽ ഇനം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കപ്പെടുന്നില്ല, സ്റ്റോക്ക് - ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ |
| 14 | 3-11 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങളിലെ അപാകതകൾ |
| 15 | 3-12 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 231780 രൂപ തടസ്സപ്പെടുത്തുന്നു |
| 16 | 3-13 | കിണർ അറ്റകുറ്റപ്പണി(പട്ടികജാതി)- രേഖകളുടെ അഭാവത്തിൽ അനുവദിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു |
| 17 | 3-14 | കുടുംബശ്രീ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം- പദ്ധതിനടത്തിപ്പിൽ അപാകതകൾ |
| ഭാഗം 4 | | |
| 18 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 19 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 20 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിശോധനയിൽ കണ്ട അപാകതകൾ താഴെച്ചേർക്കുന്നു.

(എ). വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടാകേണ്ടതുമാണെന്നും പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(3) ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ യഥർത്ഥ ഡിമാന്റ്/നീക്കിയിരിപ്പ് എന്നിവയിൽ നിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിനുള്ള വിശദീകരണമൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. (വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷത്തെ യഥാർത്ഥ നീക്കിയിരിപ്പ് 44,03,051/-രൂപയാണ്. എന്നാൽ ബഡ്ജറ്റിൽ 3,77,01405/-രൂപയാണ് മുൻബാക്കി. ടി തുക പൊരുത്തപ്പെടുന്നില്ല).

(ബി) വികസന പദ്ധതിയുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15 തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ, സെക്രട്ടറി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റ് നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് വരവ് ചെലവ് വിലയിരുത്തേണ്ടതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള ചർച്ചകളൊന്നും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ നൽകിയിട്ടില്ല.

(സി) ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. ബജറ്റ് അംഗീകാരത്തിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബജറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ് (സ.ഉ. (ആർ.ടി) 3291/16/തസ്വഭവ /2.12.16). എന്നാൽ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് കമ്മറ്റി എന്നിവ അംഗീകരിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

(ഡി). കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ചയിൽ തന്നെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രത്യേക പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 27.03.17 ൽ ജനറൽ കമ്മറ്റിയിൽ അവതരിപ്പിച്ച ബജറ്റ് അന്നുതന്നെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങളിന്മേൽ ചർച്ച ഇല്ലാതെയാണ് പാസ്സാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

ആയതിനാൽ 1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 973940000 | 91359810 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 61532732 | 59630659 |

1-2 വാർഷിക ധനകാര്യപത്രിക അംഗീകരിച്ച തീയതി

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.05.2018 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(42)/2018 | വിശേഷണങ്ങളോട് കൂടിയത് |

സെക്രട്ടറിയുടെ ബിൽ ബുക്ക്, 17.01.2018ലെ 14/17-18 നമ്പർ ബിൽ പ്രകാരം നെൽകൃഷിക്കുള്ള പ്രൊഡക്ഷൻ ബോണസ് 225000/-രൂപ പിൻവലിച്ചിട്ടുണ്ട്. ബിൽ ബുക്ക് പ്രകാരം മാറിയ ടി വരവ് റസീപ്റ്റ് ആന്റ് പേമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4403051 |
| വരവ് | 61532732 |
| ആകെ | 65935783 |
| ചെലവ് | 59630659 |
| നീക്കിയിരിപ്പ് | 6305124 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12242000 | 12242000 | 10327200 | 1914800 |
| വികസനഫണ്ട് എസ്.സി.പി. | | 9302619 | 9302619 | 7771750 | 1530869 |
| വികസനഫണ്ട് ടി.എസ്.പി. | | 10996 | 10996 | 0 | 10996 |
| സി.എഫ്.സി | | 10381168 | 10381168 | 7446143 | 2935025 |
| കെ.എൽ.ജി.എസ്.ഡി.പി | | 1431439 | 1431439 | 634142 | 797297 |
| സംരക്ഷണഗ്രാന്റ് റോഡ് | | 10134269 | 10134269 | 10069139 | 65130 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 3033839 | 3033839 | 2259206 | 774633 |
| എം.എൻ.ആർ.ഇ.ജി.എസ്. | 66495 | 1358425 | 1424920 | 1072491 | 352429 |
| ബിഫണ്ട് | 0 | 7200 | 7200 | 7200 | 0 |
| ദുരിതാശ്വാസഫണ്ട് | 33532 | 1186 | 34718 | 20000 | 14718 |
| റ്റിഎസ്ബി ജോയിന്റ് വെൻച്വർ | | 2861975 | 2861775 | 2511975 | 350000 |
| ട്രഷറി റ്റിഎസ്ബി | 427982 | 7712000 | 8159862 | 6264982 | 1894880 |

| | | | | | |
|---|---|---|---|---|---|
| (ജനറൽ പർപ്പസ്) | | | | | |
| സാക്ഷരത | 3751 | 152 | 3903 | 118 | 3785 |
| തനത്ഫണ്ട് | 3870285 | 7820006 | 11690291 | 8296358 | 3393933 |
| ക്യാഷ്തനത്ഫണ്ട് | - | - | - | - | - |
| മറ്റിനം(SBT,Salary,E-payment) | 1006 | 1514828 | 1515834 | 1458100 | 57734 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 249 | 78867308 | 167 | 43705064 | | 82 | |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 66495 | 1358425 | 1424920 | 1072491 | 352429 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകൽ | - | 18011000 | 18011000 | 18011000 | - |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 3761800 | 326 |
| വിധവാപെൻഷൻ | 9801300 | 962 |
| വാർദ്ധക്യകാലപെൻഷൻ | 23113100 | 2015 |
| വികലാംഗപെൻഷൻ | 3162100 | 306 |
| അവിവാഹിതപെൻഷൻ | 555900 | 58 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | - | - |

1-9. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.11.2015 | 10/2018 | 23.11.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2016 | 2009/10 to 2014-15 | 29.04.2016 |

1-10 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2018 തീയതിയിൽ 3 പി.എം.ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50857/-രൂപ ക്യാഷ് ബാലൻസ് പരിശോധിച്ച് ബോധ്യപ്പെട്ടു.

1-11 ആഭ്യന്തരനിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും ചുമതലയുണ്ടായിരുന്ന പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഇക്കാര്യത്തിൽ കാര്യമായ മേൽനോട്ടം നടത്തിയിരുന്നില്ല. ഇക്കാരണത്താൽ ദൈനംദിന ഭരണനിർവ്വഹണത്തിലും സാമ്പത്തിക വിനിമയത്തിലും പാളിച്ചകൾ ഉണ്ടായിട്ടുണ്ട്.

രേഖകളുടെ സൂക്ഷിപ്പ്: ഫയലുകളും രേഖകളും രജിസ്റ്ററുകളും ബന്ധപ്പെട്ട വൗച്ചറുകളും യഥാവിധി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പണസംബന്ധമായ ഇടപാടുകളിൽ നിയമവും ചട്ടവും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പലപ്പോഴും ലംഘിക്കപ്പെട്ടു. ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിച്ചിട്ടില്ല. ഇൻകംബൻസി മാസ്റ്റർ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഇവയുടെ വിതരണത്തിനായി ഒരു ഉദ്യോഗസ്ഥന് ചുമതല നൽകുകയോ സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്കും സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് പരിശോധിക്കുകയോ ചെയ്തിട്ടില്ല.

പേഴ്സണൽ രജിസ്റ്റർ: സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. പേഴ്സണൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തപാലുകളും വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക അസാധ്യമാണ്.

ഓഫീസ് നടപടിക്രമങ്ങൾ: ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. പാലിച്ചിട്ടില്ല. പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് മാത്രമാണ് ഫയലുകളിൽ നോട്ട് എഴുതിയിട്ടുള്ളത്. ധനസംബന്ധമായ ഇടപാടുകളിൽ ബന്ധപ്പെട്ട ക്ലാർക്ക് ചട്ടങ്ങൾ സഹിതം നോട്ട് എഴുതുകയോ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് പരിശോധിച്ച് കുറിപ്പ് എഴുതി സെക്രട്ടറിയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. ധനപരമായ ഇടപാടുകളിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തിയതിനുശേഷമല്ല ചെക്ക്/ബിൽ എഴുതിയിട്ടുള്ളത്.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടില്ല. അതത് ദിവസങ്ങളിലെ പേയ്മെന്റുകൾ അതത് ദിവസംതന്നെ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ രീതിയിൽ തയ്യാറാക്കുന്ന വരവ് ചെലവു തുകകളിന്മേൽ നൽകുന്ന ക്രമീകരണ ജേണൽ എൻട്രികളുടെ ആധികാരികത മേൽ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന്റെ ദൈനംദിന പണപിരിവ്, പണം ഒടുക്കൽ എന്നിവയ്ക്ക് മേൽ പരിശോധന കൃത്യമായി നടത്തുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങുന്നില്ല. സ്ഥാപനത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി

സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ കൃത്യതയില്ല

പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 119 സ്ഥാപനങ്ങൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 2017-18 കാലയളവിൽ 157 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമായതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി ഒടുക്കുന്നതായോ ഉറപ്പുവരുത്താൻ കഴിയില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 2-2 സ്ഥാപന നികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ 2017-18 സാമ്പത്തികവർഷം സ്ഥാപനനികുതി ഒടുക്കിയിട്ടില്ല

1. മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്
2. വെണ്മണി സർവ്വീസ് സഹകരണ ബാങ്ക്
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (2017-18 II)
4. നാലതിൽ ചിട്ടിഫണ്ട് (2017-18 II)
   ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഏതെല്ലാം വാർഡുകളിൽ, അവയുടെ പ്രതിവർഷ വാടക, പ്രവർത്തന ചെലവ് മുതലായ വിവരങ്ങൾ, ടി ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, അവിടെ കൈകാര്യം ചെയ്യപ്പെട്ട അപേക്ഷകൾ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമകേന്ദ്രങ്ങളുടെ വാടക നിശ്ചയിച്ചതിന്റെ വിവരങ്ങൾ, ഗ്രാമ കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ജോലിവിഭജന പ്രകാരം ചുമതല നല്കിയിട്ടുള്ള പക്ഷം അതിന്റെ വിവരം മുതലായവയും ഓഡിറ്റ് അന്വേഷണത്തിലൂടെ(നം.31/18.12.18) ആവശ്യപ്പെട്ടിട്ടും ഹാജരാക്കുകയുണ്ടായില്ല.

വൌച്ചർ പരിശോധനയിൽ വാർഡ് 7ലെ ഗ്രാമസേവാ കേന്ദ്രത്തിനായി പ്രതിമാസം 1350/-രൂ. വാടക ചെലവുള്ളതായി കാണുന്നു. കൂടാതെ, 4 ഗ്രാമസേവാ കേന്ദ്രങ്ങളിലെ ഫെസിലിറ്റേറ്റർമാർക്കായി പ്രതിമാസം 4000/-രൂപയും ഗ്രാമകേന്ദ്രങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്ന് ചെലവാക്കുന്നുണ്ട്. ഗ്രാമകേന്ദ്രങ്ങളുടെ

പ്രവർത്തനം സുതാര്യമാകുന്നതിലേക്കാവശ്യമായ നടപടികൾ യാതൊന്നും സ്വീകരിക്കപ്പെടാതെയാണ് പ്രതിവർഷം 64200/-രൂപ ടി ഇനത്തിലേക്ക് ചെലവഴിക്കപ്പെടുന്നത്. ജോലിവിഭജനത്തിലൂടെ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് ഗ്രാമകേന്ദ്രങ്ങളുടെ ചുമതല നല്കിയും ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മേൽനോട്ടം ഉറപ്പാക്കിയും ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം സുതാര്യമാക്കേണ്ടതാണ്. ഗ്രാമകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിച്ചു-ക്രമവിരുദ്ധം

ഗ്രാമപഞ്ചായത്തിൽ ഡ്രൈവർ, ക്ലാർക്ക് തസ്തികകളിൽ ഓഡിറ്റ് വർഷം, ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഡ്രൈവർക്ക്(സുഭാഷ്.പി.കെ) പ്രതിമാസം 17,810/- രൂപയും ക്ലർക്കിന് (സൗമ്യ.കെ.ജി) 19,850/- രൂപയും വീതമാണ് വേതനം നല്കിയിട്ടുള്ളത്(ഉദാ.മാർച്ച് 2018ലെ വൗച്ചർ നം. 804, 806)എന്നാൽ ഈ താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/13.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഫയലും ഹാജരാക്കുകയുണ്ടായില്ല. ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നിയമിച്ചതെന്നും, നിയമനം സംബന്ധിച്ച ഫയലുകൾ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നുമാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. താല്ക്കാലിക ജീവനക്കാരെ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമിക്കുന്നതിനും നിയമനത്തിന്റെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിനും മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് വാങ്ങലിൽ അപാകത - 17500 രൂപ അനുവദിക്കുന്നില്ല

എസ്.സി.കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് 50 ട്യൂബ് സെറ്റിന്റെ വിലയായി 58000 രൂപ വിജയ് ഏജൻസീസ്, കൊല്ലം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ബിൽനം.21/17-18 dtd.26.03.18). പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

പ്രസ്തുത പദ്ധതിക്കായി ട്യൂബ് സെറ്റ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ തമ്പുരാൻ കാലായിൽ, വിജയ് ഏജൻസീസ് എന്നീ സ്ഥാപനങ്ങൾ നൽകിയ നിരക്കുകൾ താഴെ പറയും പ്രകാരമാണ്.

| തമ്പുരാൻ കാലായിൽ | ക്വോട്ട് ചെയ്ത നിരക്ക് | വിജയ്ഏജൻസീസ്(ബ്രാന്റ് രേഖപ്പെടുത്തിയിട്ടില്ല) | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|---|
| 40വാട്ട് ക്രോപ്റ്റൻ | 680 | ട്യൂബ് സെറ്റ് | 1090 |
| ഫിലിപ്സ് | 1290 | ബെന്റ് പൈപ്പ്,ക്ലാമ്പ് | 200 |
| കോർപേഡിയൻ | 998 | ഇൻസ്റ്റലേഷൻ ചാർജ്ജ് | 150/one |

എ). വിജയ് ഏജൻസീസ് എന്ന സ്ഥാപനം നൽകിയ ക്വട്ടേഷനിലെ നിരക്കുകൾ മറ്റൊരു മഷിയിൽ യഥാക്രമം 820,200, 150 എന്ന് തിരുത്തിയാണ് ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത് (കമ്മറ്റി തീരുമാനം ലഭ്യമല്ല).

ബി). തമ്പുരാൻ കാലായിൽ എന്ന സ്ഥാപനം 40വാട്ട് ക്രോപ്റ്റൻ ട്യൂബ് സെറ്റിന് 680 രൂപ ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്ക് അംഗീകരിക്കാതിരുനനതിന് കാരണം വ്യക്തമാക്കിയിട്ടില്ല. വിജയ് ഏജൻസീസ് എന്ന സ്ഥാപനം നല്കിയ ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

സി). ട്യൂബ് സെറ്റ് വാങ്ങുന്നതിന് അംഗീകരിച്ച ക്വട്ടേഷനോടൊപ്പം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള

ഇൻസ്റ്റലേഷൻ ചാർജ്ജ്, ബെന്റ് പൈപ്പ്, ക്ലാമ്പ് എന്നിവയുടെ നിരക്കുകൾ ഉൾപ്പെടെ ഒരു ട്യൂബ് സെറ്റിന്റെ വില 1170 രൂപയാണ്. ബെന്റ് പൈപ്പ്, ക്ലാമ്പ് എന്നിവ ട്യൂബ് സെറ്റിൽ ഉൾപ്പെട്ടിട്ടുള്ളതായതിനാൽ ഇതിന് പ്രത്യേകം നൽകിയ വില 10000 രൂപ (200x50) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഡി). സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വാങ്ങിയ 50 ട്യൂബ് സെറ്റുകൾ ഓഡിറ്റ് കാലയളവിലും സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ നൽകിയ 7500 (150x50) രൂപ അധികച്ചെലവായി ഓഡിറ്റ് കണക്കാക്കുന്നു. (മാത്രമല്ല, ഫയലിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് അടയ്ക്കേണ്ട ഇൻസ്റ്റലേഷൻ ചാർജ്ജ് അറിയിക്കാനാവശ്യപ്പെട്ട് 02.03.18 ൽ കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ട്).

ഇ). വാങ്ങലുമായി ബന്ധപ്പെട്ട കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഫണ്ട് ചെലവഴിക്കുമ്പോൾ ലഭ്യമാക്കേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ 17500 രൂപ ഓഡിറ്റിൽ അംഗീകരിക്കാതിരിക്കുകയും ബാക്കി 41000 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. (ഓഡിറ്റന്വേഷണം നം. 11 തീയതി.15.12.2018 ന് മറുപടി ലഭ്യമാക്കിയില്ല).

## 3-4 പുറമ്പോക്ക് കയ്യേറ്റം - പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നില്ല

ഓഡിറ്റ് വർഷത്തെ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നമ്പർ 15, (file no.A-6/3980), ക്രമ നമ്പർ 28 (File no. A-6/6396), File no. A-6/499/18 (ക്രമ നമ്പർ ഇല്ല) പുറംപോക്ക് കയ്യേറ്റവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ പുറംപോക്കുകൾ കയ്യേറ്റ ഭീഷണി നേരിടുന്നുണ്ട് എന്ന് വ്യക്തമാണ്. ആയതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി (തോട്,കുളം എന്നിവയുടെഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ, കയ്യേറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, സ്വീകരിച്ച നടപടികൾ, കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. എന്നാൽ പതിമൂന്നാം വാർഡിൽ തോട് പുറംപോക്ക് ഒൻപത് സെന്റ് സ്ഥലവും, രണ്ടാം വാർഡിൽ സെന്റ് തോമസ് എഞ്ചിനീയറിംഗ് കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ സ്ഥലം കയ്യേറ്റത്തിന്മേൽ കേസ് നിലനിൽക്കുന്നതായും

എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. പഞ്ചായത്ത് അധീനതയിലുള്ള ഭൂമി സംബന്ധിച്ച് അസ്തി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ പഞ്ചായത്ത് അധീനതയിലുള്ള ആസ്തി, പുറംപോക്കുകൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഉടർ അന്വേഷണത്തിനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് വിവരം പെൻസിലിൽ രേഖപ്പെടുത്തുന്നു, സാക്ഷ്യപ്പെടുത്തലുകളില്ല:

അംഗൻവാടികളിൽ സൂക്ഷിക്കുന്ന ഭക്ഷ്യസാധന സ്റ്റോക്ക് രജിസ്റ്ററുകൾ സാമ്പിൾ പരിശോധന (അംഗൻവാടി നം.156,158,159,161,170)നടത്തിയതിൽ, എല്ലാ അംഗൻവാടികളിലും സ്റ്റോക്ക് രജിസ്റ്ററുകൾ പേനയുപയോഗിച്ച് രേഖപ്പെടുത്തൽ വരുത്താതെ, പെൻസിലിൽ മാത്രം രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതായി കണ്ടു. കൂടാതെ, ടി സ്റ്റോക്ക് രജിസ്റ്ററുകൾ, ഐ.സി.ഡി.എസ് സൂപ്പർവൈസറോ മറ്റ് അധികൃതരോ പരിശോധന നടത്തുന്നില്ല. സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തൽ വരുത്താതെ തിരുത്തൽ വരുത്താവുന്ന വിധത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളത് ഗുരുതരമായ ക്രമക്കേടാണ്.

2. വാങ്ങിയ ഭക്ഷ്യവസ്തു വിതരണം ചെയ്തില്ല:

അനുപൂരക പോഷകാഹാര പരിപാടി, എസ്'001/18 പ്രോജക്ടിൽ ബിൽ നം.9/14.12.2017പ്രകാരം പിൻവലിച്ച് രൂ.147385/- കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ ടി ബില്ല് പ്രകാരം പിൻവലിച്ച തുകയിൽ ഇഷ്യൂ നം.0404102/17335, തീയതി28.11.2017 പ്രകാരം പിൻവലിച്ച കാണുന്ന 4535/-രൂപ, 66.700കി.ഗ്രാം ചെറുപയർ വാങ്ങിയ ഇനത്തിലുള്ളതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ഡിസംബർ മാസത്തെ വിതരണ വിവരത്തിൽ തൻമാസത്തെ പയർവിതരണത്തിന്റെ പുറമേ വീണ്ടും അധികമായി ഒരു കോളം രേഖപ്പെടുത്തി പയർവിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്, ഇത് പ്രകാരം ആകെ 68.500കി.ഗ്രാം പയർ ആണ് കാണിച്ചിട്ടുള്ളത്. ഈ കാലയളവിലെ അംഗൻവാടികളിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററുകൾ റാൻഡം പരിശോധന നടത്തിയതിൽ ഒരു അംഗൻവാടിയിലും ടി സ്റ്റോക്ക് വന്നിട്ടില്ലെന്ന് കാണുന്നു. ആകെ 4,535/-രൂപയുടെ സ്റ്റോക്ക് അംഗൻവാടികളിൽ ലഭിച്ചിട്ടില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. വിതരണം ചെയ്തിട്ടില്ലാത്ത ഭക്ഷ്യവസ്തുവിനായി ചെലവായ തുക അംഗീകരിക്കാവുന്നതല്ല. രൂപ. 4,535/- ഓഡിറ്റിൽ നിരാകരിക്കുന്നു.

3. <u>ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് കാണുന്നു:</u>

ഗ്രാമപഞ്ചായത്തിലെ ആകെ അംഗൻവാടികൾ 22 ആണ്. എന്നാൽ, ഇവയിൽ സ്വന്തമായി കെട്ടിടമുള്ളവ 6 എണ്ണം മാത്രമാണ്. ശേഷിക്കുന്നവ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ അംഗൻവാടികൾക്കും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതായാണ് അറിയിച്ചിട്ടുള്ളത്. സ്വന്തം കെട്ടിടമുള്ളവയിൽ 4എണ്ണത്തിന് ചുറ്റുമതിലുണ്ട്. വാടക കെട്ടിടങ്ങളിൽ 12എണ്ണത്തിനും ചുറ്റുമതിലുണ്ട്. ഒരു അംഗൻവാടിയിൽ മാത്രമാണ് ശിശുസൗഹൃദ ശൗചാലയമുള്ളത്. സ്വന്തം സ്ഥലമുള്ള 3 അംഗൻവാടികളിൽ ഒരു അംഗൻവാടിയുടെ കെട്ടിടം പണി പുരോഗമിക്കുന്നുണ്ട്. 2018ആഗസ്റ്റിലെ വെള്ളപ്പൊക്കം 9അംഗൻവാടികളെയാണ് ബാധിച്ചിട്ടുള്ളത്. അംഗൻവാടികൾക്ക് സ്വന്തം ഭൂമി വാങ്ങൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതേ പോലെ ചുറ്റുമതിൽ, ശിശുസൗഹൃദ ശൗചാലയം എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ടി വിഷയത്തിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക പരിഗണന ആവശ്യമാണ്.

## 3-6 <u>കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- രേഖകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു</u>

കൃഷി ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിലെല്ലാം തന്നെ മതിയായ രേഖകളും ചെലവ് വൗച്ചറുകളും കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം കൈമാറുകയാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. നിർവ്വഹിച്ച പ്രോജക്ടുകളിലൊന്നും തന്നെ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ല. ഒരു പ്രോജക്ടിന്റെ പോലും അപേക്ഷാ ഫയലിൽ കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് പരിശോധന നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. മതിയായ അനുബന്ധ വൗച്ചറുകളോ, സാക്ഷ്യപ്പെടുത്തലുകളോ കൂടാതെ വരുത്തിയിട്ടുള്ള ചെലവുകൾ അംഗീകരിക്കാൻ സാധിക്കാത്തതാണ് ചുവടെ ചേർക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് അടിസ്ഥാനം. അപാകതകളിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് നല്കിയ മറുപടികൾ പരിഗണിച്ചിട്ടുണ്ട്.

എ) <u>നെൽകൃഷി വികസനം പ്രോജക്ട്:</u>

കൃഷി ഓഫീസർ നിർവ്വഹിച്ച 'നെൽകൃഷി വികസനം എസ്'0185/18' പ്രോജക്ടിൽ, നെൽവിത്ത് വാങ്ങൽ, കൂലിച്ചെലവ് നല്കൽ എന്നിവയാണ് നടത്തപ്പെട്ടിട്ടുള്ളത്. ഫയൽ പ്രകാരം ആകെ 21600കി.ഗ്രാം നെൽവിത്ത് വാങ്ങിയിട്ടുണ്ട്. ഇതിലേക്ക് 8ലക്ഷം രൂപ(വികസന ഫണ്ട്, ബിൽ 1/15.1.18) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. കെ.എസ്.എസ്.ഡി.എ അയ്യന്തോളിലേക്ക് നല്കിയിട്ടുണ്ട്. നെൽവിത്തിന്റെ വില, കെ.എസ്.എസ്.ഡി.എ അയ്യന്തോളിൽ നിന്നുള്ള ബില്ലുകൾ പ്രകാരം ആകെ 8,64,000/-ആണ്. ശേഷിക്കുന്ന തുക 64,000/-നല്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടതിന് ആയത് കൃഷിവകുപ്പിന്റെ സുസ്ഥിര വികസന പദ്ധതിയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഇതിന്റെ തുക കൃഷി അസി.ഡയറക്ടർ മുഖേനയാണ്

നല്കിയിട്ടുള്ളതെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടിൽ ഇപ്രകാരം കൃഷിവകുപ്പുമായി സംയോജിപ്പിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതായി വിവക്ഷയില്ലാത്തതിനാൽ ഒരേ ബില്ലുകൾ ഗ്രാമപഞ്ചായത്ത് പ്രോജക്ടിലും കൃഷിവകുപ്പ് പ്രോജക്ടിലും ആവർത്തിച്ച് ഉപയോഗിക്കപ്പെടാനുള്ള സാധ്യതയുണ്ടാകുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ നെൽവയലുകളുടെ വിസ്തൃതിയും കൃഷി ചെയ്യപ്പെടുന്ന വിസ്തൃതിയും സംബന്ധിച്ചുള്ള വിവരങ്ങൾ, രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ലെന്നാണ് വാക്കാൽ മറുപടി നല്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഉപയോഗയോഗ്യമായ നിലത്തിന്റെ വിവരങ്ങൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. നെൽവിത്തിന്റെ വിതരണ വിവരം ഹാജരാക്കിയത് പരിശോധിച്ചതിൽ നിന്നും കൃത്യമായ കണക്കുകളുടെ അഭാവം അധികചെലവിന് വഴിവയ്ക്കാമെന്ന് വ്യക്തമാകുന്നുണ്ട്.

പ്രോജക്ടിൽ വാങ്ങിയ നെൽവിത്തുകൾ പാടശേഖര സമിതികൾ കൈപ്പറ്റുകയും ഇവ പാടശേഖര സമിതികളിൽ നിന്ന് കർഷകർ കൈപ്പറ്റുകയുമാണ് ചെയ്തിട്ടുള്ളത്. പാടശേഖര സമിതികൾ ഹാജരാക്കിയിട്ടുള്ള കർഷകരുടെ കൈപ്പറ്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു:

1. പ്രോജക്ടിൽ 21600 കി.ഗ്രാം നെൽവിത്താണ് വാങ്ങിയിട്ടുള്ളത്, പാടശേഖരങ്ങളുടെ വിതരണ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൻ പ്രകാരം ആകെ ലഭിച്ചിട്ടുള്ളത് 21610കി.ഗ്രാം നെൽവിത്താണ് (ചാങ്ങപ്പാടം എന്ന പാടശേഖരത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ 10കി.ഗ്രാം അധികം ലഭിച്ചതായി കാണിച്ചിരിക്കുന്നു)

2. പള്ളിപ്പുറം പാടശേഖരത്തിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ആകെ വിതരണം 3644 കി.ഗ്രാം നെൽവിത്ത് ആണ്. എന്നാൽ പ്രോജക്ട് ഫയൽ പ്രകാരം ടി പാടശേഖരത്തിന് നല്കിയിട്ടുള്ളതും വിസ്തൃതിക്കാനുപാതികമായി(35.70ഹെ.) ആവശ്യമുള്ളതും 3570കി.ഗ്രാം നെൽവിത്ത് മാത്രമാണ്.

3. പാടശേഖരത്തിന്റെ വിസ്തൃതിക്കനുസൃതമല്ലാതെ നെൽവിത്ത് വിതരണം ചെയ്തതായും(ഉദാ.250സെന്റിൽ കൃഷിയുള്ള ഗോപിനാഥക്കുറുപ്പ് എന്ന കർഷകന് അർഹമായത് 100കി.ഗ്രാം, എന്നാൽ 250കി.ഗ്രാം നല്കിയതായി കാണിച്ചിരിക്കുന്നു- 150കി.ഗ്രാം അധികം), ഗുണഭോക്താവിന്റെ വിവരമോ ഒപ്പോ ഇല്ലാതെയുള്ള സ്റ്റേറ്റ്മെന്റും (ക്രമ നം.9), അളവ് രേഖപ്പെടുത്താതെ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായും (ക്രമ നം.35രതീഷ്.പി.ജി), പെൻസിലിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതും (ക്രമ നം.34 കുട്ടപ്പൻ30 കി.ഗ്രാം) പള്ളിപ്പുറം പാടശേഖരത്തിന്റെ സ്റ്റേറ്റ്മെന്റിൽ കാണുന്നു.

4. പാടശേഖരത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം പള്ളിപ്പുറം പാടശേഖരത്തിന് ലഭിച്ച വിത്ത് 3644ആണ്. (ഇതിൽ തെറ്റായി വന്നതായി കാണുന്ന ഖണ്ഡിക 3-ൽ പറയുന്ന 150 കി.ഗ്രാം കുറച്ചു. അളവ് രേഖപ്പെടുത്താതെ ഒപ്പിട്ടിരിക്കുന്ന രതീഷ്.പി.ജി ക്ക് ടിയാളുടെ കൃഷി ഭൂമിയുടെ വിസ്തൃതിയനുസരിച്ച് ലഭിച്ചിരിക്കുന്നതായി കണക്കാക്കാവുന്ന 60കി.ഗ്രാം കൂടിയും 3554 കി.ഗ്രാം വരെ ഈ പാടശേഖരത്തിന് പരമാവധി നല്കാവുന്നതായി വരുന്നു. 3570 ആണ് ഈ പാടശേഖരത്തിന് നല്കിയതായി ഫയലിൽ കാണിച്ചിട്ടുള്ളതെന്നതിനാൽ 16 കി.ഗ്രാം (3570-3554)അധികമായി നല്കിയിരിക്കുന്നു. കിലോഗ്രാമിന് 40രൂപ നിരക്കിൽ 640/- അധികച്ചെലവ് വന്നു. (മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നല്കിയിട്ടുണ്ടെങ്കിലും മറുപടി നല്കിയിട്ടില്ല.) പാടശേഖര സമിതികൾ ഹാജരാക്കിയിട്ടുള്ള വിതരണ സ്റ്റേറ്റ്മെന്റുകളിൽ വ്യാപകമായ ക്രമക്കേടുകളുണ്ടെന്നാണ് മേൽ അപാകതകളിൽ നിന്ന് മനസ്സിലാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ കൃഷിയോഗ്യമായ ഭൂമി സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും മേലിൽ ടി അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) തെങ്ങ് കൃഷി വികസനം:

തെങ്ങ് കൃഷി വികസനം, എസ്0223/18 പ്രോജക്ടിൽ തെങ്ങിൻതൈകളുടെ വിതരണം, ജൈവ-രാസവളങ്ങൾക്ക് സബ്സിഡി, ഇടവിളക്കൃഷി എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. ആകെ ചെലവ് 10,00,000/-

രൂപയാണ്. തെങ്ങിൻതൈകളുടെയും ഇടവിളക്കൃഷി ഇനങ്ങളുടെയും വാങ്ങൽ വിതരണങ്ങൾ മാത്രമാണ് നടത്തപ്പെട്ടതായി രേഖകളുള്ളത്. ജൈവ-രാസവളങ്ങളെ സംബന്ധിച്ച് ആയതിലേക്ക് കർഷരിൽ നിന്നുള്ള അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്, ഈ സബ്സിഡി അപേക്ഷകളിൽ കൃഷി അസിസ്റ്റന്റോ, കൃഷി ഓഫീസറോ പരിശോധന നടത്തിയിട്ടില്ല. ഇവ വാങ്ങിയതിന്റെ രേഖകൾ യാതൊന്നും ഹാജരാക്കിയിട്ടുമില്ല. ഇതിനാൽ, ജൈവവളം സബ്സിഡി തുക നിജപ്പെടുത്തിയത് എപ്രകാരമെന്നതും ഇവ യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്നതും വ്യക്തമാകുന്നില്ല. ആയതിനാൽ, ജൈവ-രാസവളത്തിനായി കർഷർക്ക് ട്രാൻസ്ഫർ ചെയ്ത് ചെലവഴിച്ച തുകയായ(ബിൽ നം.6/15.3.18 പ്രകാരമുള്ള )3,43,750/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി) നേന്ത്രവാഴ കൃഷി വികസനം:

നേന്ത്രവാഴ കൃഷി വികസനം, എസ്'025/18 പ്രോജക്ടിൽ 2,50,000/-രൂപ വാഴവിത്തുകളുടെ വിലയായും 1,50,000/-ജൈവവളത്തിന്റെ വിലയായും പരിഗണിച്ച് ആകെ 4ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ ജൈവവളത്തിന്റെ വിലയായി സബ്സിഡി കിഴിച്ചുള്ള തുകയായ 50000/-രൂപ ഒടുക്കാൻ ഉദ്ദേശിച്ചിരുന്നു(പ്രോജക്ട് അടങ്കൽ 4.50ലക്ഷം), എന്നാൽ ഗുണഭോക്തൃവിഹിതം മുടക്കിയതിന്റെ രേഖകളോ, ജൈവവളം വാങ്ങിയതിന്റെയും വാഴവിത്തുകൾ വാങ്ങിയതിന്റെയും വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാഴക്കൃഷിയുടെ വിവരങ്ങൾ സംബന്ധിച്ച പരിശോധനാ റിപ്പോർട്ടുകളും ഫയലിൽ ഇല്ല. ഇ-ട്രാൻസ്ഫർ ആയി ധനസഹായം നല്കുമ്പോൾ ബില്ലുകളും വൗച്ചറുകളും നിർബന്ധമാക്കേണ്ടതില്ലെന്നാണ് ഇതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ, കൃഷി ഓഫീസറുടെയോ കൃഷി അസിസ്റ്റന്റിന്റെയോ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഇല്ലാത്തതിനാലും കർഷകർ വാഴവിത്തുകൾ വാങ്ങിയെന്നത് ഉറപ്പാക്കാനാവശ്യമായ രേഖകൾ ഇല്ലാത്തതിനാലും ടി മറുപടി അംഗീകരിക്കാനാകുന്നതല്ല. മതിയായ രേഖകളുടെ അഭാവത്തിൽ പ്രോജക്ടിലെ ആകെ ചെലവായ(ബിൽ നം.5/15.3.18), 4,00,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഡി). ജൈവ പച്ചക്കറി കൃഷി:

ജൈവ പച്ചക്കറി കൃഷി(ജനറൽ)എസ്'0184/18 പ്രോജക്ടിൽ പച്ചക്കറി വിത്ത് നൂറ് ശതമാനവും, ജൈവവളം 75%വും സബ്സിഡി നിരക്കിൽ, ആറ് കർഷക ക്ലസ്റ്ററുകൾക്ക് വിതരണം ചെയ്തതായി കാണുന്നു(വിത്തിനായി 30,000/-സ്റ്റേറ്റ് സീഡ് ഫാം അറുനൂറ്റിമംഗലത്തിനും, വളത്തിന് 2,70,000/-വികസന ഫണ്ടും 90,000ഗുണ.വിഹിതവും ചേർന്ന് കെയ്കോ അമ്പലപ്പുഴയ്ക്കും നല്കിയതിന്റെ ബില്ലുകൾ) ആകെ മൂന്ന് ലക്ഷം രൂപ വികസന ഫണ്ടിൽ നിന്ന് ചെലവായ പ്രോജക്ടിൽ ടി ക്ലസ്റ്ററുകളുടെ കൈപ്പറ്റ് വിവരമാണ് ഹാജരാക്കിയിട്ടുള്ളത്. ക്ലസ്റ്ററുകളിൽ ഉൾപ്പെട്ട കർഷകരുടെ വിവരം, കർഷകർ ക്ലസ്റ്ററിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയ വിവരം, ക്ലസ്റ്ററിലുള്ള കർഷകർ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്ന വിവരം മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ഈ പ്രോജക്ടിലേക്ക് ചെലവായ തുക (ബിൽ നം.3/25.1.18 പ്രകാരം പിൻവലിച്ച് 2,00,000/-, ചെക്ക് നം. 5687812/16.3.18 പ്രകാരമുള്ള 100,000/-) 3,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇ) ഇഞ്ചി, മഞ്ഞൾ കൃഷി വികസനം:

ഇഞ്ചി, മഞ്ഞൾ കൃഷി വികസനം, എസ്'0227/18പ്രോജക്ടിൽ ആകെ ഒരു ലക്ഷം രൂപ ചെലവായിട്ടുണ്ട്. ജൈവവളം വാങ്ങുന്നതിന് സബ്സിഡിയെന്ന നിലയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളതെങ്കിലും (അടങ്കൽ: ഒരു ലക്ഷം വികസനഫണ്ടും ഒരു ലക്ഷം ഗുണ.വിഹിതവും ചേർന്ന് രണ്ട് ലക്ഷം)ഇതിൻപ്രകാരം ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെയോ, വളം വാങ്ങിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി പ്രോജക്ടിലേക്ക് ഗുണഭോക്താക്കൾ സമർപ്പിച്ചിട്ടുള്ള അപേക്ഷാ ഫയലുകളിൽ കൃഷിഓഫീസറോ കൃഷി അസിസ്റ്റന്റോ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടുമില്ല. ഓഡിറ്റ് അന്വേഷണത്തിന് കൃഷിയിടങ്ങൾ

പരിശോധിച്ചാണ് ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളതെന്നും പരിശോധനാ റിപ്പോർട്ട് അപേക്ഷകളിൽ രേഖപ്പെടുത്തി ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. അപേക്ഷകളിൽ അന്വേഷണം നടത്തിയതിന്റെ രേഖകൾ നിലവിലില്ലാത്തതിനാൽ ഓഡിറ്റിന് സമർപ്പിച്ച കഴിഞ്ഞ അപേക്ഷാ ഫയലുകളിൽ ഇനിയും രേഖപ്പെടുത്തലുകൾ വരുത്തുക എന്നത് ക്രമവിരുദ്ധമായ നടപടിയാണ്. വളം വാങ്ങിയതിന്റെ രേഖകളില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക (ബിൽ നം.8/15.3.18) 100,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എഫ്) വെറ്റില കൃഷി വികസനം:

വെറ്റില കൃഷി വികസനം, എസ്0186/18പ്രോജക്ടിൽ 50000/-രൂപ ജൈവവളത്തിനുള്ള ആനുകൂല്യമെന്ന നിലയ്ക്ക് നല്കിയിട്ടുണ്ട്. വളം വാങ്ങിയതിന്റെ വിവരമോ, അപേക്ഷാ ഫയലുകളിന്മേലുള്ള പരിശോധനാ റിപ്പോർട്ടോ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണത്തിന് കൃഷിയിടങ്ങൾ പരിശോധിച്ചാണ് ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളതെന്നും പരിശോധനാ റിപ്പോർട്ട് അപേക്ഷകളിൽ രേഖപ്പെടുത്തി ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. അപേക്ഷകളിൽ അന്വേഷണം നടത്തിയതിന്റെ രേഖകൾ നിലവിലില്ലാത്തതിനാൽ ഓഡിറ്റിന് സമർപ്പിച്ചകഴിഞ്ഞ അപേക്ഷാ ഫയലുകളിൽ ഇനിയും രേഖപ്പെടുത്തലുകൾ വരുത്തുക എന്നത് ക്രമവിരുദ്ധമായ നടപടിയാണ്. വളം വാങ്ങിയതിന്റെ രേഖകളില്ലാത്ത സാഹചര്യത്തിൽ (ബിൽ നം.2/25.1.18 പ്രകാരം പിൻവലിച്ച)തുക50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്ട് - ഗുണഭോക്തൃലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച നം.എസ് 003/18, പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കിയവരിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ നിന്ന് അംഗീകരിച്ചിരുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ലെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഏത് സൊസൈറ്റിയിൽ പാലളക്കുന്നു എന്നത് | നല്കിയ തുക |
|---|---|---|---|
| 1 | സാലിഹ് | പാറച്ചന്ത എ268 | 690 |
| 2 | എബ്രഹാം തോമസ് | | 1258 |
| 3 | മോഹനൻ നായർ | | 313 |
| 4 | ഉത്തമൻ | | 119 |
| 5 | രാധാകൃഷ്ണൻ | | 130 |
| 6 | രാജു | പുന്തല എ163ഡി | 4274 |
| 7 | ഗംഗാധരൻ പിള്ള | | 680 |
| 8 | മോഹനൻ | | 1428 |
| 9 | സരള കേശവൻ | വെണ്മണി താഴം എ 209 | 1385 |
| 10 | ജോൺ ജോസഫ് | | 1170 |
| 11 | ശിവപ്രസാദ് | വെണ്മണി എ205 | 1550 |
| 12 | ലോഭിയ കുമാരി | | 883 |
| 13 | ലീലാമണി | | 218 |
| | | ആകെ | 14098/- |

ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് ഈ ഗുണഭോക്താക്കൾ ക്ഷീരകർഷകരും സൊസൈറ്റി അംഗങ്ങളുമാണെങ്കിലും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയ കാലയളവിൽ പാൽ അളക്കുന്നുണ്ടായിരുന്നില്ലെന്നാണ് മറുപടി നല്കിയിട്ടുള്ളത്. ക്ഷീരകർഷകരെയെല്ലാം ഉൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ടതും പ്രസ്തുത ലിസ്റ്റ് സൊസൈറ്റികൾക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വെണ്മണി, നിർവ്വഹിച്ച പ്രോജക്ടുകളിലെ അപാകതകൾ

സാന്ത്വന പരിചരണം എസ്002/18, പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ എസ്012/18 എന്നീ പ്രോജക്ടുകളാണ് തൻവർഷം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വെണ്മണി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ടി പ്രോജക്ടുകളുടെ പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിട്ടും ബിൽ പകർപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

എ). സാന്ത്വന പരിചരണം

സാന്ത്വനം പ്രോജക്ടിലേക്ക് തനത് ഫണ്ട് 45,000/-രൂപ പിൻവലിച്ചതായുള്ള രേഖകൾ ഫയലിലും ചെലവ് സ്റ്റേറ്റ്മെന്റിലും കാണുന്നു (തുക19.3.18ൽ സാന്ത്വനം പ്രോജക്ട് ചുമതല വഹിക്കുന്ന നഴ്സ് ശ്രീമതി ധന്യയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.) തുകയുടെ ചെലവ് -വിനിയോഗ വിവരം വ്യക്തമല്ല. തുക നല്കിയിട്ടുള്ളതിന്റെ ചെക്ക് നമ്പർ മുതലായ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. (ഗ്രാമപഞ്ചായത്തിലെ ബിൽ രജിസ്റ്റർ പ്രകാരം വൗച്ചർ നം.919/20.3.18, ചെക്ക് നം.6029939/20.3.18) വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 45,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സാന്ത്വനം പ്രോജക്ടിൽ മരുന്നുകൾക്കൊപ്പം ഉപകരണങ്ങളും(5വീൽചെയർ, 4വാക്കർ) വാങ്ങിയിട്ടുള്ളതായി കാണുന്നു. എന്നാൽ, വാങ്ങിയതും ഇനി ലഭിക്കേണ്ടുന്നതുമായ ഉപകരണങ്ങളുടെ ആവശ്യകത നിശ്ചയിച്ചത് സംബന്ധിച്ച വിവരങ്ങളുൾക്കൊള്ളുന്ന പ്രോജക്ട് ഫയൽ ലഭ്യമാക്കുകയുണ്ടായില്ല. പ്രോജക്ടിൽ ബിൽ നം.8/22.3.18 പ്രകാരം പിൻവലിച്ച 1,23,600/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയിൽ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളത് 50,892/-രൂപയ്ക്ക് മാത്രമാണ്. ശേഷിക്കുന്ന തുകയ്ക്കുള്ള (രൂ.72,708/-)മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാക്കുവാനുള്ളതായും കാണുന്നു. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ, ലഭിക്കുവാനുള്ള മരുന്ന്/ഉപകരണങ്ങൾക്ക് വേണ്ടി ചെലവായ തുക രൂ.72,708/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

ബി). പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ ബിൽ നം.7/22.3.18 പ്രകാരം പിൻവലിച്ച രണ്ട് ലക്ഷം രൂപയിൽ, രൂ.87,112/-ന് മാത്രമാണ് മരുന്നുകൾ ലഭിച്ചിട്ടുള്ളത്, ശേഷിക്കുന്ന 1,12,888/-രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ലെന്ന് കാണുന്നു. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലഭ്യമാകാത്ത മരുന്നിന് വേണ്ടി ചെലവായ തുക രൂ.1,12,888/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-9 വി.ഇ.ഒ നിർവ്വഹിച്ചിട്ടുള്ള പ്രോജക്ടുകളിലെ അപാകതകൾ

ഓഡിറ്റ് വർഷം, വി.ഇ.ഒ നിർവ്വഹിച്ച പ്രോജക്ടുകളിൽ വരുമാന സാക്ഷ്യപത്രം ഹാജരാക്കാത്തവരും, ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്തവരും, പൊതുവിഭാഗം(എ.പി.എൽ) ഇനത്തിലുള്ള റേഷൻ കാർഡ് ഉടമകളുമായ വ്യക്തികൾക്ക് വിവിധ പ്രോജക്ടുകളിൽ ആനുകൂല്യങ്ങൾ നല്കിക്കാണുന്നു. വിവരം ചുവടെ

ചേർക്കുന്നു:

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ലഭിച്ച തുകയുടെ വിവരം(₹) | ബിൽ വിവരം(നം/തീയതി, ആകെ തുക) |
|---|---|---|---|
| എ)വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുക, പൊതു.182/18 | | | |
| 1 | പ്രസന്നകുമാർ, കിഴക്കേടത്ത് വീട് | 25,000/- | 24/26.3.18, 100,000/-- |
| 2 | രാധാമണി, തെങ്ങിഴേത്ത് വടക്കതിൽ | 50,000/- | 14/22.2.18, 82,500/- |
| 3 | രാജു.സി, അരിയിക്കരേത്ത് | 25,000/- | 20/12.3.18, 50,000/- |
| 4 | രമാദേവിയമ്മ.എം.ജി, ആതിരാനിവാസ് | 25,000/- | 01/4.7.17, 5,75,000/- |
| 5 | എം.പി.ശ്രീകുമാർ, രേവതി മാടമ്പിൽ | 25,000/- | 01/4.7.17, 5,75,000/- |
| 6 | വിജയലക്ഷ്മിയമ്മ.പി.കെ, വല്യവീട്ടിൽ | 25,000/- | 01/4.7.17, 5,75,000/- |
| 7 | രമേശൻ പിള്ള, ഇളംപള്ളയ്യത്ത് | 25,000/- | 01/4.7.17, 5,75,000/- |
| 8 | മണിയമ്മ.എം.ജി, മുളവനകിഴക്കതിൽ | 25,000/- | 05/11.8.17, 1,75,000/- |
| 9 | ഷാജി ബേബി, കണ്ടങ്കര മലയിൽ | 25,000/- | 05/11.8.17, 1,75,000/- |
| 10 | രത്നമ്മ, കൊച്ചുമങ്ങാട്ട് | 25,000/- | 05/11.8.17, 1,75,000/- |
| ബി) കുടിവെള്ളക്കിണർ ജനറൽ, എസ്19/18 | | | |
| 11 | ഷീലാ സണ്ണി, സിബിൻഭവനം | 17,000/- | 06/11.8.17, 1,36,000/- |
| 12 | എബി ജോൺ, എബി ഭവനം | 17,000/- | 26/5.5.17, 34,000/- |
| 13 | പൊന്നപ്പൻ, ആശാരിപറമ്പിൽ | 17,000/- | 10/15.1.18, 17,000/- |
| 14 | ഗ്രേസി ജയിംസ്, പുതുശ്ശേരി മുറിയിൽ | 17,000/- | 6/11.8.17, 1,36,000/- |
| സി)വീട് പുനരുദ്ധാരണം പൊതുവിഭാഗം, 20/18 | | | |
| 15 | അനിത സുരേഷ്, തച്ചിരേത്ത് ഹൗസ് | 25,000/- | 03/7.7.17, 1,00,000/- |
| 16 | വിജയമ്മ, ദീപ സദനം | 25,000/- | 03/7.7.17, 1,00,000/- |
| ഡി)വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുക, (എസ്.സി)183/18 | | | |
| 17 | സരസ്വതി, കിഴക്കേചരുവിൽ മേലേതിൽ | 25,000/- | 16/24.2.18, 5,50,000/- |
| ആകെ: | | 4,18,000/- | |

നിരവധി പ്രോജക്ടുകൾ വി.ഇ.ഒ മുഖേന നടപ്പിലാക്കപ്പെടുമ്പോഴും നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടുന്ന പ്രോജക്ട് രജിസ്റ്ററോ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നത് നിരീക്ഷിക്കുന്നതിനുപയോഗിക്കേണ്ടുന്ന ഇതര രജിസ്റ്ററുകളോ സൂക്ഷിക്കപ്പെടുന്നില്ല. ഇതിനാൽ, ഓരോ ഗുണഭോക്താക്കൾക്കും ഓരോ വർഷവും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എത്ര വീതം, ഇനി നല്കുവാനുള്ള ആനുകൂല്യം എത്ര, മുതലായ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ഓരോ വർഷത്തെയും ഫയലുകൾ പരിശോധിക്കുകയല്ലാതെ മറ്റ് സംവിധാനമില്ല. കൂടാതെ, പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്റർ ചെയ്യപ്പെട്ടതായും കാണുന്നില്ല. പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുറ്റ്സുകളിലും ഉൾപ്പെടുത്തിയിട്ടില്ല. ഈ കാരണങ്ങളാൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നല്കുന്നത് സുതാര്യമല്ലാതെ വന്നിട്ടുണ്ട്. ആയതിനാൽ, വിവിധ പ്രോജക്ടുകളിലായി മേൽപരാമർശിച്ചിട്ടുള്ള 17ഗുണഭോക്താക്കൾക്ക് നല്കിയ ആനുകൂല്യം ₹4,18,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-10 സ്റ്റോക്ക് രജിസ്റ്ററുകളിൽ ഇനം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കപ്പെടുന്നില്ല, സ്റ്റോക്ക് - ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ

പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി, എസ്‌070/18 പ്രകാരം നിർവ്വഹിച്ച വൈദ്യുതോപകരണങ്ങൾ വാങ്ങൽ പ്രോജക്ടിൽ വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പരിശോധിച്ചതിൽ കൃത്യമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ലെന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു പ്രോജക്ട് പ്രകാരം വാങ്ങുന്ന ഇനങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഓരോ ഇനത്തിലും പഞ്ചായത്തിൽ ആകെ എത്ര ഉപകരണങ്ങൾ ഉണ്ട് എന്നത് വിശദമാക്കുന്ന, ഇനം തിരിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് മൂലം സ്റ്റോക്ക് രജിസ്റ്ററിന്റെ ഉദ്ദേശ്യം നടക്കാതെ പോകുകയാണ് ചെയ്യുന്നത്. ആസ്തി രജിസ്റ്ററും പഞ്ചായത്തിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല. ആയത് കൃത്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങളിലെ അപാകതകൾ

പ്രോജക്ട് നം. 233/17-18

നിർവ്വഹണം - സെക്രട്ടറി, ബിൽ നം. 13/17-18 തീയതി.12.01.18 - 55950/-

മേൽ പദ്ധതിക്കായി ആകെ 111607 രൂപ ചെലവഴിച്ചിട്ടുണ്ട്. നടത്തിപ്പിൽ കണ്ട അപാകതകൾ താഴെച്ചേർക്കുന്നു.

ടി പദ്ധതിച്ചെലവിന്റെ ഭാഗമായി പ്രിന്റിംഗ് ജോലികൾക്കായി ക്ഷണിച്ച ക്വട്ടേഷനിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സുപ്രിയ ഓഫ് സെറ്റ് എന്ന സ്ഥാപനത്തിന് കരട് പദ്ധതി രേഖ, അന്തിമ പദ്ധതി എന്നിവ അച്ചടിക്കുന്നതിന് 31950 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബില്ലിൽ ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതായി കാണുന്നില്ല. കേന്ദ്ര,സംസ്ഥാന സർക്കാരിലേക്ക് അടയ്ക്കേണ്ട ടാക്സ് ഇനത്തിലുള്ള തുക സ്ഥാപനം അടയ്ക്കാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കി അടയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം തുക ഈടാക്കി അടച്ചിട്ടില്ല. ടി ഇനത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം സ്ഥാപനത്തിൽ നിന്നും ഈടാക്കി അടക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

ബി) ഗ്രാമ സഭാ നോട്ടീസ്, അപേക്ഷാ ഫോറം എന്നിവ പ്രന്റ് ചെയ്യുന്നതിന് ക്വട്ടേഷന്റേയോ കമ്മറ്റിയുടെ അംഗീകരികാരമോ ഇല്ലാത്ത മറ്റൊരു സ്ഥാപനമായ കോയിപ്പുറത്ത് പ്രസ്സിന് 24000 രൂപ നൽകിയിട്ടുണ്ട്.

തെരഞ്ഞെടുത്ത സ്ഥാപനത്തെ ഒഴിവാക്കി ടി സ്ഥാപനത്തിന് പ്രിന്റിംഗ് ജോലി നൽകാനുള്ള കാരണം വ്യക്തമല്ല. മാത്രമല്ല, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ആയതിനാൽ നൽകിയ 24000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റന്വേഷണം 10/15.12.18 ന് മറുപടി ലഭ്യമാക്കിയില്ല).

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 231780 രൂപ തടസ്സപ്പെടുത്തുന്നു

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് താഴെപ്പറയും പ്രകാരം 231780 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജ.നം. | നൽകിയ തുക | ചെലവ് വിവരം |
|---|---|---|---|
| 1 | 134/17-18 | 99930 | Bill no. 10/17-18 dtd.31.10.17 |
| 2 | 133/17-18 | 63360 | Cheque no.4425394/27.10.17 |
| 3 | 136/17-18 | 48510 | Bill no. 12/17-18 dtd.31.10.17 |
| 4 | 137/17-18 | 19980 | Bill no. 11/17-18 dtd.31.10.17 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.12/15.12.18) ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 231780 രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 കിണർ അറ്റകുറ്റപ്പണി(പട്ടികജാതി)- രേഖകളുടെ അഭാവത്തിൽ അനുവദിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതിയുടെ പേര് : കിണർ അറ്റകുറ്റപ്പണി (പട്ടികജാതി വിഭാഗം)

നമ്പർ : SO 114/2018

അടങ്കൽ : 374000/-

ചെലവ് : 187000/-

ബിൽ നം. : 5/17-18 തീയതി. 18.07.2017

മേൽ പദ്ധതി പ്രകാരം 25000/- രൂപ വിതം അനുവദിക്കപ്പെട്ടിട്ടുള്ള ശ്രീമതി.ഷീല.കെ, വലിയതറയിൽ, വെൺമണി, യശോദ രവീന്ദ്രൻ, ചുടലയിൽ പള്ളത്ത്, വെൺമണി എന്നീഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/18.12.2018) ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിലുള്ളവരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനു വിധേയമായി ഈ ഇനത്തിലുള്ള 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 കുടുംബശ്രീ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം-പദ്ധതിനടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. : SO 118/17

പേര് : കുടുംബശ്രീ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം(പട്ടികജാതി വിഭാഗം)

അടങ്കൽ : 100100/-

ചെലവ് : 57750/-

ബിൽ നം. : 06/2017-18, തീയതി. 16.07.2017
നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.മീര വിനോദ്, മീനത്തേരിൽ കർണാടകയിൽ നിന്നും ഇവിടെ താമസമാക്കിയിട്ടുള്ള ആളാണ്. പ്രസ്തുത ഗുണഭോക്താവ് പട്ടികജാതി വിഭാഗത്തിൽപ്പെയാളാണെന്ന തെളിയിക്കാൻ കർണാടകയിൽ നിന്നുള്ള ജാതിസർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം കേരളത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഇതേ പദ്ധതിയിലെ മറ്റ് രണ്ട് ഗുണഭോക്താക്കളായ ശ്രീമതി. അജിത, പാറപ്പെട്ടിൽ, ബീന, ഒട്ടക്കോട്ടുമണ്ണിൽ എന്നിവർ കുടുംബശ്രീ അംഗങ്ങളാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ വിശദീകരണമാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/17.12.2018) അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ ടി രേഖകൾ ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച് ഹാജരാക്കുന്നതാണെന്ന പറഞ്ഞിരിക്കുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 200000 | പാലിന് ഇൻസെന്റീവ് | 200000 | |
| ജില്ലാപഞ്ചായത്ത് | | 200000 | പാലിന് ഇൻസെന്റീവ് | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | | 100000 | ജൈവ പച്ചക്കറി കൃഷി | 100000 | |
| ജില്ലാ പഞ്ചായത്ത് | | 500000 | നെൽ കൃഷി വികസനം | 414313 | 85687 |
| ബ്ലോക്ക്പഞ്ചായത്ത് | | 300000 | നെൽ കൃഷി വികസനം | 300000 | |
| ജില്ലാ പഞ്ചായത്ത് | | 500000 | തെങ്ങ് കൃഷി വികസനം | 500000 | |
| ജില്ലാ പഞ്ചായത്ത് | | 200000 | ടി | 200000 | |
| ജില്ലാ പഞ്ചായത്ത് | | 200000 | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ | 197662 | 2388 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 750000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 400000 | 350000 |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി.വെണ്മണി | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ,235/19 | 186/27.2.18 | 197662 | | 197662 |
| ടി | ടി, 133/18 | 79/12.10.17 | 63360 | | 63360 |
| ടി | ടി, 134/18 | 76/12.10.17 | 99930 | | 99930 |
| ടി | ടി, 136/18 | 81/21.10.17 | 48510 | | 48510 |
| ടി | ടി, 137/18 | 77/12.10.17 | 19980 | | 19980 |
| ടി | സ്ട്രീറ്റ് മെയിൻ വലിക്കൽ, വെട്ടുത്തറ കോളനി, 126/18 | 89/25.10.17 | 49995 | | 49995 |
| ടി | സ്ട്രീറ്റ് മെയിൻ വലിക്കൽ, എസ്.സി കോളനികൾ-127/18 | 86/25.10.17 | 39990 | | 39990 |
| ടി | ടി, 125/18 | 84/25.10.17 | 49950 | | 49950 |
| ടി | ടി, 287/18 | 198/28.2.18 | 253906 | | 253906 |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | തീയ്യതി |
|---|---|---|---|---|
| 2012-13 | 2-6 | 650 | ആമിന ബീവി,സെക്രട്ടറി | 19009/3 dtd 24/8/17 |
| 2010-11 & 2011-12 | 2-4<br>3-6(4) | 5492<br>3750 | മേരിക്കുട്ടി,സെക്രട്ടറി<br>“ | 19029/9 dtd 27/7/18 |
| 2008-09 | 2-4 A,B | 500+949 | പി.സാബു,എച്ച്.സി | 19029/10 dtd 27/7/18 |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61532732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59630659 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2246876 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 17500 | സെക്രട്ടറി |
| 3-5 | | 4535 | സരസമ്മ.ബി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-6(എ) | | 640 | അനിൽകുമാർ, കൃഷി ഓഫീസർ |
| ആകെഃ | | 22,675 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 41,000 | ശ്രീ. വൈ.നിസാർ, സെക്രട്ടറി |
| 3-6(ബി) | 3,43,750 | അനിൽകുമാർ, കൃഷി ഓഫീസർ |
| 3-6(സി) | 4,00,000 | അനിൽകുമാർ, കൃഷി ഓഫീസർ |
| 3-6(ഡി) | 3,00,000 | അനിൽകുമാർ, കൃഷി ഓഫീസർ |
| 3-6(ഇ) | 1,00,000 | അനിൽകുമാർ, കൃഷി ഓഫീസർ |
| 3-6(എഫ്) | 50,000 | അനിൽകുമാർ, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-8(എ) | 45,000 | ഡോ.മുഹമ്മദ് ഷാഫി.പി.എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ടി | 72,708 | ഡോ.മുഹമ്മദ് ഷാഫി.പി.എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8(ബി) | 1,12,888 | ഡോ.മുഹമ്മദ് ഷാഫി.പി.എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 4,18,000 | ശ്രീ.പ്രവീൺ.ടി.ഡി, വി.ഇ.ഒ |
| 3-11(ബി) | 24,000 | ശ്രീ.വൈ.നിസാർ, സെക്രട്ടറി |
| 3-12 | 2,31,780 | ശ്രീ.വൈ.നിസാർ, സെക്രട്ടറി |
| 3-13 | 50,000 | ശ്രീ.അനിൽകുമാർ.പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 57,750 | ശ്രീ.അനിൽകുമാർ.പി.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ: | 22,46,876 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-5

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | വൈ.നിസാർ | സെക്രട്ടറി,<br>വെണ്മണി<br>ഗ്രാമപഞ്ചായത്ത് | സിതാര, ആദിനാട് സൌത്ത്,<br>കാട്ടിൽ കടവ് പി.ഒ,<br>കരുനാഗപ്പള്ളി |
| 2. | അനിൽകുമാർ.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി,<br>വെണ്മണി<br>ഗ്രാമപഞ്ചായത്ത് | നിരഞ്ജനം,<br>പെരിങ്ങിലിപ്പുറം. പി.ഒ,<br>ആലപ്പുഴ |
| 3. | സരസമ്മ.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ,<br>വെണ്മണി<br>ഗ്രാമപഞ്ചായത്ത് | കേശവം(ഹൌസ്),<br>ചെറുകോൽ.പി.ഒ,<br>മാവേലിക്കര<br>(മൊബൈൽ നം.9496059220) |
| 4. | പ്രവീൺ.ടി.ഡി | വി.ഇ.ഒ, വെണ്മണി<br>ഗ്രാമപഞ്ചായത്ത് | തോണ്ടുതറയിൽ,<br>കോട്ടകുളഞ്ഞി പി.ഒ,<br>ചെങ്ങന്നൂർ<br>(മൊബൈൽ |

| | | | |
|---|---|---|---|
| | | | നം.9605814346) |
| 5. | അനിൽകുമാർ | കൃഷി ഓഫീസർ, വെണ്മണി ഗ്രാമപഞ്ചായത്ത് | കാവുവിളയിൽ, മാങ്കാംകുഴി.പി.ഒ, മാവേലിക്കര (മൊബൈൽ നം.9447866981) |
| 6. | ഡോ.മുഹമ്മദ് ഷാഫി.പി.എ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 to 2005-06 | LFGA5-1832/11 തീയതി, 4/2/2012 |
| 2006-07 | LFAP5-281/11 തീയതി, 20/9/2011 & 30/09/11<br>LFAP5-1482/10 തീയതി, 20/6/11 & 2/7/2011 |
| 2007-08 | LFAP5-282/11 തീയതി, 20/9/11 & 30/09/11 |
| 2008-09 & 2009-10 | LFAP5-861/12 തീയതി, 9/10/12 & 14/12/12 |
| 2010-11 & 2011-12 | LFAP5-493/13 തീയതി, 21/8/13 & 12/11/13 |
| 2012-13 & 2013-14 | LFAP5-143/2015 തീയതി, 25/03/15 & 4/6/15 |
| 2014-15 | KSA-ALP-P5-824/16 തീയതി, 10/04/17 |
| 2015-16 | KSA-ALP-P5-28/17 തീയതി, 12/1/17 |
| 2016-17 | KSA-ALP/P5-1376/17 തീയതി, 15/11/2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(42)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 08.08.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വെണ്മണി ഗ്രാമ പഞ്ചായത്തിന്റെ

2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ